**"ഭരണഭാഷ-മാതൃഭാഷ"**

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തസ്വഭവ - ലോക്കൽ ഇൻഫ്രാസ്ട്രക്ചർ
ഡവലപ്മെന്റ്&എഞ്ചിനീയറിംഗ് വിംഗ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website : www.celsgd.kerala.gov.in

നം. ഡിബി.1/8185/21/സിഇ/എൽ.ഐ.ഡി&ഇ.ഡബ്ല്യു തീയതി:13/07/2021

## സർക്കുലർ

വിഷയം : തസ്വഭവ- മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നത്- സംബന്ധിച്ച്.

സൂചന : 1) സർക്കുലർ നം. ഡിബി1/10690/2020/സിഇ/എൽ.ഐ.ഡി&ഇ.ഡബ്ല്യു,തീയതി 26/03/2021.
2) സർക്കുലർ നം. ഡിബി1/7778/സിഇ/എൽ.ഐ.ഡി&ഇ.ഡബ്ല്യു,തീയതി 25/05/2021.

*****

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം വഴി നടപ്പിലാക്കുന്ന ഇലക്ട്രിക് പ്രവൃത്തികൾ ഉൾപ്പെടെയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ നിലവിൽ ഏതെങ്കിലും പരാതിയുടെ അടിസ്ഥാനത്തിൽ ആണ് പരിശോധിക്കപ്പെടുന്നത്. ലിഖിതപരാതികൾ ഇല്ലാതെ തന്നെയും നിശ്ചിത ശതമാനം പ്രവൃത്തികൾ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമായ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി, സോഷ്യൽ ആഡിറ്റിംഗും, ടെക്നിക്കൽ ആഡിറ്റിംഗും, സ്ഥല പരിശോധനയും നടത്തേണ്ടതിന്റെയും, നിർവ്വഹണ ഉദ്യോഗസ്ഥരുടെയും, കരാറുകാരുടെയും പെർഫോർമൻസ് വിലയിരുത്തുന്നതിന്റെയും സമയബന്ധിതമായി തുടർ നടപടികൾ കൈക്കൊള്ളേണ്ടതിന്റെയും ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ട്.

പദ്ധതിയിൽ ഉൾപ്പെട്ടോ അല്ലാതെയോ നിർവ്വഹിക്കപ്പെടുന്ന ഇലക്ട്രിക് പ്രവൃത്തികൾ ഉൾപ്പെടെ ഏതൊരു പൊതുമരാമത്ത് പ്രവൃത്തിയും, നിശ്ചിത സ്പെസിഫിക്കേഷൻ, അംഗീകരിച്ച എസ്റ്റിമേറ്റ് എന്നിവ പ്രകാരം കൃത്യമായി നടത്തേണ്ടതും, ആയതിന്റെ തുടർ പരിപാലനം ഉറപ്പു വരുത്തേണ്ടതുമാണ്. പ്രവൃത്തി സ്ഥലത്ത് പ്രവൃത്തി സംബന്ധമായ മുഴുവൻ വിവരങ്ങളും പ്രസിദ്ധപ്പെടുത്തേണ്ടതാണ്. കൂടാതെ ഈ സാമ്പത്തിക വർഷം മുതൽ നിർവ്വഹിക്കപ്പെടുന്ന എല്ലാ പ്രവൃത്തികളും സംബന്ധിച്ച വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രൊഫോർമ പ്രകാരം തയ്യാറാക്കിയ രജിസ്റ്ററിൽ രേഖപ്പെടുത്തി ടി രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അധീനതയിൽ സൂക്ഷിക്കേണ്ടതും. സ്ഥലം മാറ്റം ലഭ്യമാകുന്ന മുറയ്ക്ക് ഔദ്യോഗികമായി കൈമാറ്റം ചെയ്യപ്പെടേണ്ടതുമാണ്.

ഉള്ളടക്കം:- പ്രൊഫോർമ

**ചീഫ് എഞ്ചിനീയർ**

എൻ.പി/-

| | | |
|---|---|---|
| PROJECT No. ( In case of DPC approved Project ) / Type of Scheme (MLA ADF, MLA SDF, NCFRW, CORPUS FUND, BUDGET FUND, ICDC, GENERAL EDUCATION etc.) | | |
| NAME OF PROJECT | | |
| T S AMOUNT | | |
| ESTIMATE ID | | |
| AGREEMENT NUMBER & DATE | | |
| NAME OF CONTRACTOR | | |
| ACTUAL DATE OF COMPLETION | | |
| DEFECT LIABILITY PERIOD (IN MONTHS) | | |
| NAME OF OFFICERS | ASSISTANT EXECUTIVE ENGINEER | |
| | ASSISTANT ENGINEER | |
| | OVERSEER | |
| NAME & DESIGNATION OF INSPECTING OFFICER (will be entered by the inspecting officer ) | | |
| INSPECTION REPORT | | |
| REMARKS | | |